IV. ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തെ കുടിവെള്ള വിതരണം സ്വകാര്യവൽക്കരിക്കുന്നതിനും വെള്ളക്കരം വർദ്ധിപ്പിക്കുന്നതിനും ഉള്ളതായി പറയപ്പെടുന്ന സർക്കാർ നീക്കം

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, കുടിവെള്ളവും സ്വകാര്യവൽക്കരണവുമായി ബന്ധപ്പെട്ട വിഷയമാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ അവതരിപ്പിക്കുന്നത്. ആഗോളവൽക്കരണ കുത്തക മുതലാളിമാരുടേയും വിദേശ ശക്തികളുടേയും അദൃശ്യകരങ്ങൾ ഇന്ന് കുടിവെള്ളത്തിനെ ഏറെ വിലകൊടുത്ത് വാങ്ങേണ്ട ഒരു കമ്പോളച്ചരക്കാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. കുടിവെള്ളം മനുഷ്യന്റെ അടിസ്ഥാന ആവശ്യവും മൗലീകമായ അവകാശവുമാണ്. എന്നാൽ ലോകബാങ്ക്, ആഗോളവൽക്കരണ കുത്തകകളുടെ വക്താക്കൾ കച്ചവടം ചെയ്യാനുള്ളതെല്ലാം സ്വകാര്യവൽക്കരിക്കാനുള്ളതല്ലെന്ന പ്രഖ്യാപനത്തോടെ കുടിവെള്ളം ലഭ്യമാക്കുക എന്ന അവകാശത്തെ ചവിട്ടിമെതിക്കുകയാണ്. ജലവിഭവത്തിനുള്ള പൊതു ഉടമസ്ഥത വിട്ട് കോർപ്പറേഷനുകളെ സ്വകാര്യ മുതലാളിമാരുടെ അധീനതയിലേക്ക് എത്തിക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. ഇതിന്റെ ഭാഗമായാണ് കേരളത്തിൽ ലോകബാങ്ക് സഹായത്തോടെ സോഷ്യോ-എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന്റെ ഗ്രാമീണ ജലവിതരണ മേഖലയിൽ വരുത്തേണ്ട മാറ്റങ്ങൾക്കായുള്ള കൺസൾട്ടൻസി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചത്. പ്രസ്തുത റിപ്പോർട്ട് പ്രകാരം സർക്കാർ ജലവിതരണ സേവന മേഖലയിൽനിന്ന് ഘട്ടം ഘട്ടമായി പിൻമാറണമെന്നും ജലവിതരണത്തിന്റെ ഉത്തരവാദിത്വം ഉപഭോക്താക്കൾ തന്നെ വഹിക്കണമെന്നും നിഷ്കർഷിച്ചിരിക്കുകയാണ്. നിലവിലുള്ള ഗ്രാമീണ ജലവിതരണത്തിന്റെ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കണമെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടില്ലെങ്കിൽ ഇവ സ്വകാര്യവൽക്കരിക്കണമെന്നുമാണ് ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നത്. എന്നാൽ ഗ്രാമീണ ജലവിതരണ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതിന് സർക്കാർ വർഷങ്ങളായി ശ്രമിച്ചുവരികയാണ്. 1050 ജലവിതരണ പദ്ധതികളിൽ 140 എണ്ണം മാത്രമേ കഴിഞ്ഞ നാലു വർഷങ്ങൾക്കുള്ളിൽ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാൻ കഴിഞ്ഞുള്ളൂ. പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ഇതിന്റെ സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവവും സാമ്പത്തിക പ്രതിസന്ധിയും ഉള്ളതുകൊണ്ട് ഏറ്റെടുക്കാൻ കഴിയില്ല. അങ്ങനെ വരുന്നപക്ഷം അത്തരം പദ്ധതികൾ ഉൾപ്പെടെ സ്വകാര്യവൽക്കരിക്കണം എന്നാണ് ഇവർ നിർദ്ദേശിച്ചിരിക്കുന്നത്. ലോകബാങ്കിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന സോഷ്യോ-എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ദാരിദ്ര്യരേഖയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

താഴെയുള്ളവർക്കുപോലും പതിനായിരം ലിറ്റർ ജലത്തിന് മിനിമം 70 രൂപയാക്കുന്നതിൽ കുഴപ്പമില്ലെന്ന് സർക്കാരിനെ ഉപദേശിച്ചിരിക്കുകയാണ്. ഇത്രയും ജലത്തിന് നമ്മുടെ പൊതുമേഖലാ സ്ഥാപനമായ കേരളാ വാട്ടർ അതോറിറ്റി വെറും ഇരുപതുരൂപയാണ് ഈടാക്കുന്നത്. കേരളത്തിൽ കുടിവെള്ളം സ്വകാര്യവൽക്കരിക്കുന്ന തടസ്സങ്ങളിലൊന്ന് പൊതുമേഖലയാണെന്ന് ലോകബാങ്കും അവരുടെ കൺസൾട്ടൻസികളും തിരിച്ചറിഞ്ഞതിനാലാണ് കേരള വാട്ടർ അതോറിറ്റി എന്ന പൊതുമേഖലയെ ഇല്ലാതാക്കുന്നതിനുള്ള നിർദ്ദേശം എസ്.ഇ.യു.എഫ്. എന്ന ഈ കൺസൾട്ടൻസി ഉയർത്തിയിരിക്കുന്നത്. കേരള വാട്ടർ അതോറിറ്റി വൻ സാമ്പത്തിക ബാദ്ധ്യതയാണ് ഉണ്ടാക്കുന്നതെന്നും കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം വൈഭവം കുറഞ്ഞതാണെന്നുമാണ് ഇപ്പോൾ കണ്ടെത്തിയിരിക്കുന്നത്. ഒട്ടേറെ വിമർശനങ്ങൾ കേരള വാട്ടർ അതോറിറ്റിയെ സംബന്ധിച്ച് നമുക്കെല്ലാപേർക്കും ഉണ്ടെങ്കിലും കൺസൾട്ടൻസി കണ്ടെത്തിയിരിക്കുന്നത് യുക്തിസഹമല്ല എന്നാണ് ലഭ്യമായ കണക്കുകൾ തന്നെ സൂചിപ്പിക്കുന്നത്. 2003 മാർച്ചുവരെ കേരള വാട്ടർ അതോറിറ്റി 1012 കോടി രൂപ നഷ്ടമുണ്ടാക്കിയതായിട്ടാണ് സർക്കാർ കണക്ക്. സർക്കാർ പലപ്പോഴായി നൽകിയ 430 കോടിയോളം രൂപയുടെ പലിശയായി 652 കോടി രൂപയും തേയ്മാന കണക്കായ 516 കോടി രൂപയും ഉൾപ്പെട്ടതാണ്. എന്നാൽ ജലക്കരമായി വാട്ടർ അതോറിറ്റിക്ക് പിരിഞ്ഞുകിട്ടേണ്ട 680 കോടിയോളം രൂപ, മന്ത്രി തന്ന കണക്കാണ്, ഈ കണക്കുകൾ ഒന്നും ഉൾക്കൊള്ളിച്ചതായി കാണുന്നില്ല. ലഭ്യമായ വിവരങ്ങളിൽ നിന്ന് മനസ്സിലാകുന്നത് ഈ സ്ഥാപനം ഇന്ന് നഷ്ടത്തിലല്ല പ്രവർത്തിക്കുന്നത് എന്നാണ്. വാട്ടർ അതോറിറ്റിയുടെ കണക്കുകൾ നോക്കിയാൽ വലിയ നഷ്ടത്തിലല്ല. കേരളത്തിൽ രണ്ടുകോടി പതിനഞ്ചു ലക്ഷം ജനങ്ങൾക്ക് കുടിവെള്ളം നൽകുന്നതും ഇൻഡ്യയിൽതന്നെ ഏറ്റവും കുറഞ്ഞ നിരക്കിൽ കുടിവെള്ളം വിതരണം ചെയ്യുന്നതുമായ ഈ പൊതുമേഖലാ സ്ഥാപനത്തെ ഇല്ലാതാക്കി സ്വകാര്യവൽക്കരിക്കുക എന്നുപറഞ്ഞാൽ അത് വലിയ തകർച്ചയിലേക്കാണ് സംസ്ഥാനത്തെ കൊണ്ടുചെന്ന് എത്തിക്കുക. 40 ശതമാനം ജീവനക്കാരെ പിരിച്ചുവിടണമെന്ന് ഇവർ ശുപാർശ നൽകിയിരിക്കുകയാണ്. ലോക ബാങ്കിന്റെ മറ്റൊരു പ്രതിഭാസമായ ജലനിധി ആദ്യം നാല് ജില്ലകളിൽ പ്രവർത്തനം നടത്തിയിരുന്നു. ഇപ്പോൾ മറ്റ് ജില്ലകളിലേക്കും അത് വ്യാപിപ്പിക്കുകയാണല്ലോ. ഈ ജലനിധി പദ്ധതിയും അതിന്റെ പ്രവർത്തനങ്ങളും പരിശോധനാവിധേയമാക്കേണ്ടതാണ്. വൻധൂർത്തും വലിയ ഹോട്ടലുകളിലുള്ള ശിൽപ്പശാലയും അങ്ങനെ ഒരുപാട് പണം പരസ്യത്തിനായി ചെലവഴിച്ചുകൊണ്ടിരിക്കുന്നതുമായ ഈ പദ്ധതി ഫലത്തിൽ ജനങ്ങളുടെ കുടിവെള്ളത്തിന്റെ അവകാശം നഷ്ടപ്പെടുത്തുന്നതാണ്. ഭൂഗർഭജലത്തിന്റെ 90 ശതമാനം നമ്മൾ മറ്റ് സ്രോതസുകളിലൂടെ കുടിക്കാൻ ഉപയോഗിക്കുന്നതാണ്. പ്ലാച്ചിമടയിൽ നടക്കുന്ന സമരം നമ്മുടെ ലോകശ്രദ്ധ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ പിടിച്ചുപറ്റിയതാണല്ലോ. കുടിക്കാനുള്ള വെള്ളത്തിന്റെ അവകാശത്തിനു വേണ്ടിയുള്ള ആ വലിയ സമരം സാമ്രാജ്യത്വത്തിന് എതിരായ, അവരുടെ അധിനിവേശത്തിന് എതിരായ, മനുഷ്യന്റെ ജലത്തിനുള്ള അവകാശം സ്ഥാപിക്കാനുള്ള സമരം കൂടിയാണ്. ഒരു തുള്ളി കുടിവെള്ളംപോലും ഉൽപ്പാദിപ്പിക്കാതെ നിലവിലുള്ള ജലവിതരണ പദ്ധതികളുടെ ജലവിതരണക്കുഴലുകൾ കൂട്ടിയിണക്കി പുതിയ പദ്ധതികളായി ഉദ്ഘാടനം ചെയ്തതുകൊണ്ട് എന്താണ് മെച്ചം? ആർക്കാണ് അതിന്റെ ഫലമായി പുതിയതായി കുടിവെള്ളം കിട്ടുന്നത്? സമയക്കുറവുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. ഈ അടുത്ത കാലത്ത് ഗവൺമെന്റ് ഉദ്ഘാടനം ചെയ്ത പല പദ്ധതികളും കോടിക്കണക്കിന് രൂപ മുടക്കുന്ന തീരപഥം എന്ന വലിയ പദ്ധതിയുൾപ്പെടെ ഇതൊന്നും ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിലുള്ളതല്ല. മാത്രമല്ല ജനങ്ങളുടെ കുടിവെള്ളം നഷ്ടപ്പെടുത്തുന്നതുമാണ്. ഒരു വാക്കുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ജലഭീമൻമാരായ ലോകജലക്കച്ചവടം നിയന്ത്രിക്കുന്ന കോർപ്പറേറ്റ് കമ്പനികളായ വിവൽഡി, സൂയസ്, ആർ.ഡബ്ളിയു.ഇ. തുടങ്ങിയവ ഇതിന്റെയൊക്കെ പേര് തന്നെ വായിക്കാൻ പറ്റുന്നില്ല, ഇതുപോലുള്ള വൻകിട ജലകമ്പനികളെല്ലാം, വലിയ കോർപ്പറേറ്റ് കമ്പനികളെല്ലാം കേരളത്തിലെ ശുദ്ധജലത്തിലും നമ്മുടെ ഭൂഗർഭ ജലത്തിലും കണ്ണുനട്ട് വെള്ളം ഒരു കച്ചവടച്ചരക്കാക്കാനുള്ള ലക്ഷ്യത്തോടുകൂടി കേരളത്തിൽ വട്ടം ചുറ്റി നടക്കുകയാണ്. അവരുടെ ഏജന്റുമാരായ, അവരുടെ സംഘടനകളായ അവരുടെതന്നെ സൃഷ്ടികളായ കൺസൾട്ടൻസികൾ ഇവിടെ എല്ലാ മേഖലകളേയും കയ്യടക്കിക്കൊണ്ടിരിക്കുകയാണ്. ഈ വിധത്തിൽ മുന്നോട്ടുപോയാൽ കുടിവെള്ളം നമുക്ക് നഷ്ടപ്പെടുന്ന സ്ഥിതിയിലേക്ക് വരും. കുടിക്കാനുള്ള വെള്ളത്തിന്റെ അവകാശം നഷ്ടപ്പെടും. പ്രകൃതി വരദാനമായി നൽകിയ ജലം അത് മനുഷ്യന്റെ മൗലികാവകാശമാണ്. പ്ലാച്ചിമടയിലെ ഈ ആദിവാസികളുടെ സമരത്തിലുള്ള ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ടുതന്നെ ഞാൻ പറയട്ടെ, വെള്ളത്തിന്റെ അവകാശം നഷ്ടപ്പെടുന്നതിന് ഇടവരരുത്. വെള്ളത്തിന്റെ വില വർദ്ധിപ്പിക്കാൻ ഇടവരരുത്. ശുദ്ധജലമെന്നത് പൊതുമേഖലയിൽ നിലനിർത്തണം. അത് ഗവൺമെന്റിന്റെ ചുമതലയായി ഏറ്റെടുത്തുകൊണ്ട് മുന്നോട്ടുപോകണം. അതിനുള്ള ശക്തമായ നടപടി അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*: സർ, ശ്രീ. കെ. പി. രാജേന്ദ്രൻ ഈ പ്രശ്നം ഉന്നയിക്കാനുള്ള പ്രധാനപ്പെട്ട കാരണം സോഷ്യോ-എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന്റെ ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണെന്നാണ് എനിക്ക് തോന്നുന്നത്. ആ റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

അവർ സമർപ്പിച്ചിട്ടുണ്ട്. പക്ഷേ, ആ റിപ്പോർട്ടിന്മേൽ ഗവണ്മെന്റ് നടപടി എടുത്തിട്ടില്ല. ജലവിതരണം പൊതുമേഖലയിൽ നിലനിർത്തുന്നതിന് എതിരായി ഏത് ശുപാർശ വന്നാലും ഗവൺമെന്റ് അത് സ്വീകരിക്കില്ല. കേന്ദ്ര സർക്കാരിന്റെ 73-ഉം 74-ഉം ഭരണഘടനാ പരിഷ്ക്കാരത്തിന്റെ അടിത്തറയായ അധികാര വികേന്ദ്രീകരണത്തിനും ഉപഭോക്തൃ പങ്കാളിത്തത്തിനും ഊന്നൽ നൽകിക്കൊണ്ട് കേരള ജല അതോറിറ്റിയുടെ സിംഗിൾ പഞ്ചായത്ത് സ്കീംസ് ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. അത് 1998-ലാണ്. ഐഡന്റിഫൈ ചെയ്ത് ഗ്രാമപഞ്ചായത്തിന് കൊടുക്കാൻ തീരുമാനം എടുത്തതാണ്. പഞ്ചായത്ത് ഏറ്റെടുക്കാത്തതുകൊണ്ട് ആ തീരുമാനം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് പ്രയോജനപ്പെടുന്ന 1050 കുടിവെള്ള പദ്ധതികൾ അതാതു പഞ്ചായത്തുകൾക്ക് കൈമാറാൻ 1998-ൽ ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും 2004 ആയിട്ടും വളരെ കുറച്ച് പദ്ധതികൾ മാത്രമേ പഞ്ചായത്തുകൾ ഏറ്റെടുത്തിട്ടുള്ളൂ. ഈ സാഹചര്യത്തിൽ ലോകബാങ്ക് സഹായത്തോടെ ബാക്കി പദ്ധതികൾ കൈമാറാനുള്ള നയരൂപീകരണത്തിനും, പുനരുദ്ധാരണ പ്രവർത്തനങ്ങൾ എത്രമാത്രം വേണമെന്നും എന്തു തരത്തിലുള്ള പുനരുദ്ധാരണം വേണമെന്നും പഠിക്കുന്നതിന് സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനെ ഏൽപ്പിക്കുകയുണ്ടായി. ഫൗണ്ടേഷന്റെ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ ഇവയാണ്.

(i) ഗ്രാമീണ മേഖലയിലുള്ള ശുദ്ധജല വിതരണത്തിന്മേലുള്ള വാട്ടർ അതോറിറ്റിയുടെ നിയന്ത്രണം പൂർണ്ണമായും പഞ്ചായത്തുകളെ ഏൽപ്പിക്കുക. 'സ്വജൽധാര' പദ്ധതികൾക്ക് ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി പദ്ധതി ചെലവിന്റെ 10 ശതമാനം തുക വകയിരുത്തുക. ഈ നിർദ്ദേശം ഫലത്തിൽ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്ന സിംഗിൾ പഞ്ചായത്ത് സ്കീമുകളുടെ കൈമാറ്റം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തന്നെയാണ് ഉദ്ദേശിക്കുന്നത്.

(ii) വാട്ടർ അതോറിറ്റിയുടെ പ്രവർത്തന മേഖല, ബൃഹത്തായ പദ്ധതികളുടെ നടത്തിപ്പ്, പദ്ധതികളുടെ ഡിസൈനിംഗ്, വെള്ളത്തിന്റെ ഗുണനിലവാര പരിശോധന എന്നീ തലങ്ങളിൽ തുടരുക.

(iii) വാട്ടർ അതോറിറ്റിക്ക് പൂർണ്ണ സ്വയംഭരണാവകാശം നൽകി ലാഭകേന്ദ്രമാക്കുക.

(iv) വെള്ളക്കരത്തിൽ, ശുദ്ധീകരണ പ്രക്രിയകളുടെ ചെലവിൽ ഉണ്ടാകുന്ന വർദ്ധന കണക്കിലെടുത്ത് കാലാകാലങ്ങളിൽ വേണ്ടത്ര വർദ്ധനകൾ പഠിച്ച് നിർദ്ദേശം നൽകാൻ ഒരു റെഗുലേറ്ററി സംവിധാനമുണ്ടാക്കുക. അതാണ് ശുപാർശ. നമ്മൾ അതിനെക്കുറിച്ച് ആലോചിച്ചിട്ടുമില്ല.

GPM. 2/611/2012—20

LIBRARY ARCHIVES Kerala Legislative Assembly

(v) വാട്ടർ അതോറിറ്റി കൈമാറുന്ന ഗ്രാമീണ മേഖലയിലെ സിംഗിൾ പഞ്ചായത്ത് സ്കീമുകൾ ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിച്ച് പഞ്ചായത്തിന് കൈമാറുന്നതി നൊപ്പം ഈ സ്കീമുകളുടെ മേൽ നടത്തിപ്പ്, വെള്ളക്കരം പിരിവ്, വെള്ളക്കരത്തിന്മേലുള്ള തീരുമാനങ്ങൾ തുടങ്ങിയവ അതാതു പഞ്ചായത്തുകളുടെ പൂർണ്ണ നിയന്ത്രണത്തിൽ കൊണ്ടുവരിക. ഈ പ്രവർത്തനങ്ങൾ ലോക്കൽ ബോഡിക ളുടെ തീരുമാനത്തിനു വിധേയമായി മാത്രം, വേണ്ടുന്നപക്ഷം എൻ.ജി.ഒ.-കളെ ഏൽപ്പിക്കാവുന്നതാണ്. അതാണവരുടെ ശുപാർശ.

കേരള സസ്റ്റെയിനബിൾ അർബൻ ഡവലപ്മെന്റ് പ്രോജക്ടിനുവേണ്ടി എസ്.കെ.എം. കൺസൾട്ടൻസി തയ്യാറാക്കിയ ഏഷ്യൻ വികസന ബാങ്കിന്റെ റിപ്പോർട്ടിൽ കേരള ജല അതോറിറ്റിയുടെ നിലവിലുള്ള കുടിവെള്ള പദ്ധതികൾ അതോറിറ്റിതന്നെ തുടർന്നും പരിപാലിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് 5 കോർപ്പറേഷനുകളിൽ സിവറേജ് പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇതു സംബന്ധിച്ചുള്ള ഉത്തരവിൻ പ്രകാരം പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത് അതാതു കോർപ്പറേഷനുകളിൽ രൂപീകരിക്കുന്ന പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റുകൾ ആയിരിക്കും. അത് എൽ.എസ്.ജി.ഡി.-യുടെ കീഴിലാണ് വരുന്നത്. നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിനുള്ള ചുമതല തുടർന്നും കേരള വാട്ടർ അതോറിറ്റിക്ക് തന്നെ ആയിരിക്കും. കേരള വാട്ടർ അതോറിറ്റി ജല സ്രോതസ്സുകളിൽ നിന്നും ജലം സംഭരിച്ച് ശുദ്ധീകരിച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതു വരെയുള്ള പ്രക്രിയയ്ക്ക് 1000 ലിറ്ററിന് ഉദ്ദേശം 8.50 രൂപയ്ക്കുമേൽ ചെലവ് വരുന്നതായി കണക്കാക്കുന്നു. ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന വെള്ളത്തിന് വാട്ടർ അതോറിറ്റിക്ക് ഗാർഹിക ഉപഭോക്താക്കളിൽനിന്ന് ഒരു കിലോ ലിറ്ററിന് രണ്ടു രൂപയും വ്യാവസായിക ഉപഭോക്താക്കളിൽനിന്നും ഒരു കിലോ ലിറ്ററിന് 10.60 രൂപ വരെയുമാണ് ലഭിക്കുന്നത്. എന്നാൽ ഗാർഹികേതര വിഭാഗം കണക്ഷനുകളുടെ എണ്ണം തീരെ കുറവായതിനാലും ഗ്രാമീണ മേഖലയിലെ വരുമാനത്തിന്റെ പരിമി തിയും കാരണം ജലവിതരണത്തിൽനിന്ന് അതോറിറ്റിക്ക് ലഭിക്കുന്ന വരുമാനം ശരാശരി 4.50 രൂപ മാത്രമാണ്. അതായത് ചെലവിന്റെ ഏകദേശം പകുതി തുക മാത്രമാണ് വെള്ളക്കരം ഇനത്തിൽ ഇപ്പോൾ ലഭിക്കുന്നത്. മേൽ സൂചിപ്പിച്ച വരവ് ചെലവിലെ അന്തരം കാരണം അതോറിറ്റിയുടെ പ്രതിവർഷ റവന്യൂ കമ്മി വർദ്ധിച്ചു വരുന്നു. ഇതൊക്കെയാണ് വാട്ടർ അതോറിറ്റി അനുഭവിച്ചുകൊണ്ടിരിക്കുന്ന യഥാർത്ഥ ഫിനാൻഷ്യൽ സ്ട്രിൻജൻസീസ്. റവന്യൂ കമ്മി നികത്തുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

പലിശ നൽകുന്നതിനും പദ്ധതി വിഹിതം ഉപയോഗിക്കുവാൻ ജലഅതോറിറ്റി നിർബ്ബന്ധിതമാകാറുണ്ട്. അതോറിറ്റിയുടെ വരുമാനം കുറവായതിനാൽ ഏറ്റെടുത്ത പദ്ധതികൾ പലതും നിശ്ചിത സമയത്ത് ചെയ്തു തീർക്കുവാൻ കഴിയാതെ വരാറുണ്ട്. ആയതിനാൽ ജല അതോറിറ്റിയുടെ നഷ്ടം പരമാവധി കുറച്ചെങ്കിൽ മാത്രമേ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുവാനുള്ള ദൗത്യം നിറവേറ്റാൻ കഴിയുകയുള്ളൂ. എന്നിരുന്നാലും 1999-നുശേഷം വെള്ളക്കരം വർദ്ധിപ്പിച്ചിട്ടില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, കുടിവെള്ള വിതരണം സഹകാര്യവൽക്കരിക്കില്ല എന്ന് അങ്ങേയ്ക്ക് പ്രഖ്യാപിക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കുടിവെള്ള വിതരണം സഹകാര്യവൽക്കരിക്കുന്നതിനെക്കുറിച്ച് നയപരമായ ഒരു തീരുമാനം ഇതുവരെ ഗവണ്മെന്റ് കൈക്കൊണ്ടിട്ടില്ല. പ്ലാച്ചിമടയുടെ കാര്യം പറഞ്ഞതുകൊണ്ടു പറയുകയാണ്. ശ്രീമതി സുജിതാ നാരായണനുമായി ഡൽഹിയിൽവച്ച് സംസാരിച്ചു. ചില കാര്യങ്ങളെക്കുറിച്ചുള്ള ആശയവിനിമയം നടത്തിയിട്ടുണ്ട്. ഗവണ്മെന്റിന് ഇക്കാര്യത്തിൽ പോസിറ്റീവായ നിലപാടിലേക്ക് പോകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്.

(2) ഗൾഫ് സെക്ടറിൽനിന്നും കേരളത്തിലേക്ക് കൂടുതൽ വിമാന സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി

ശ്രീ. എം. എം. ഹസ്സൻ: സർ, ഗൾഫ് രാജ്യങ്ങളിൽനിന്നും കേരളത്തിലേക്കുള്ള വിമാനയാത്ര ഇപ്പോൾ ദുരിതപൂർണ്ണമായിരിക്കുകയാണ്. സ്കൂൾ അവധിക്കാലവും പ്രത്യേകിച്ച് ഫെസ്റ്റിവൽ സീസണും ഗൾഫ് സെക്ടറിൽനിന്നും ധാരാളം യാത്രക്കാർ നാട്ടിലേക്ക് വരുന്ന സമയമാണ്. എല്ലാ മാദ്ധ്യമങ്ങളും കഴിഞ്ഞ കുറേ ദിവസങ്ങളായി ഗൾഫ് യാത്രക്കാരുടെ അനുഭവങ്ങളും ദുരിതങ്ങളും വളരെ പ്രാധാന്യത്തോടുകൂടി റിപ്പോർട്ട് ചെയ്തിരുന്നു. കഴിഞ്ഞ കാൽ നൂറ്റാണ്ടായി നാം കേട്ടുവരുന്ന പരാതിയാണ് എയർ ഇന്ത്യ, ഇന്ത്യൻ എയർലൈൻസ് തുടങ്ങിയ നാഷണൽ ക്യാരിയേഴ്സ് ഗൾഫ് സെക്ടറിൽനിന്നും കേരളത്തിലേക്കുള്ള യാത്രക്കാരിൽനിന്നും അമിത നിരക്ക് ഈടാക്കുന്നു എന്നുള്ളത്. ഇപ്പോൾ കൂനിന്മേൽകുരു എന്നു പറഞ്ഞതുപോലെ നിരക്കുവർദ്ധനവിനു പുറമേയാണ് യാത്രാ ദുരിതങ്ങൾ ഉണ്ടായിരിക്കുന്നത്. ഒരു മാസം മുമ്പ് സൗദി അറേബ്യയിലേക്ക് പോയപ്പോൾ എനിക്കും നേരിട്ട് കാണാൻ ഒരു അവസരം ഉണ്ടായി. അവധിക്കാലത്ത് നാട്ടിലേക്ക് വരുന്നതിന് ഒ.കെ. ടിക്കറ്റ് എടുത്ത് വളരെ വിദൂരസ്ഥലങ്ങളിൽനിന്നും വരുന്നവരെ ഓഫ് ലോഡ് ചെയ്ത് അവരെ ഫ്ളൈറ്റിൽ കൊണ്ടുപോകാതെ വരുമ്പോൾ അവർക്ക് റീസണബിളായ അക്കോമഡേഷൻ കൊടുക്കണമെന്നുണ്ട്. എയർ ഇന്ത്യ കൊടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly